AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 156/2019 14.10.2019

## മൃഗസംരക്ഷണ വകുപ്പ് മികച്ച രീതിയിൽ ജന്തുക്ഷേമ പ്രവർത്തനം നടത്തുന്നവർക്കുള്ള അവാർഡിന് അപേക്ഷകൾ ക്ഷണിച്ചു.

ഏറ്റവും മികച്ച രീതിയിൽ ജന്തുക്ഷേമ പ്രവർത്തനം നടത്തുന്ന ജന്തുക്ഷേമ സംഘടനയ്ക്ക്/ വ്യക്തിക്ക് സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് അവാർഡ് നൽകുന്നു. രജിസ്റ്റർ ചെയ്ത ജന്തുക്ഷേമ സംഘടനകൾ/എസ്.പി.സി.എ.കൾ, ജന്തുക്ഷേമം ജീവിതചര്യയായി സ്വീകരിച്ചിട്ടുള്ള വ്യക്തികൾ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. 30,000 /-രൂപയുടെ ക്യാഷ് അവാർഡ് ആണ് നൽകുന്നത്. സംഘടനകൾ അവരുടെ ഔദ്യോഗിക ലെറ്റർ ഹെഡിലുള്ള അപേക്ഷയിൽ ജന്തുക്ഷേമ യൂണിറ്റിന്റെ പേര്, മേൽവിലാസം, രജിസ്റ്റർ നമ്പർ, പ്രവർത്തനം ആരംഭിച്ച തീയതി, കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ അതായത് 2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ളത്, പ്രവർത്തിക്കുന്ന ജില്ല എന്നിവ ഉൾപ്പെടുത്തിയിരിക്കണം. സംഘടനകൾ ദേശീയ ജന്തുക്ഷേമ ബോർഡ് അംഗീകാരമുള്ളവയാണെന്ന് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കണം. വ്യക്തികൾ അവരുടെ പേര്, മേൽവിലാസം, പ്രവർത്തനം ആരംഭിച്ച തീയതി മുകളിൽ വിവരിച്ചിട്ടുള്ള കാലയളവിലെ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കണം. നിശ്ചിത മാതൃകയിലുള്ള അപേക്ഷകളിൽ അവർ നടത്തുന്ന പ്രവർത്തനങ്ങൾ ജില്ലാ മൃഗസംരക്ഷണ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. വ്യക്തികൾ നൽകുന്ന അപേക്ഷയിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരി സാക്ഷ്യപ്പെടുത്തണം. ആയതിന്റെ കോപ്പികൂടി ഉൾപ്പെടുത്തണം. സംഘടന/വ്യക്തി സമൂഹത്തിന് ജന്തുക്ഷേമ നിയമങ്ങളെക്കുറിച്ച് നൽകിയ അവബോധം സാക്ഷ്യപ്പെടുത്തുന്ന രേഖകളുടെ പകർപ്പ് സമർപ്പിക്കണം. മുൻ വർഷങ്ങളിൽ അവാർഡ് ലഭിച്ചിട്ടുള്ളവരെ അവാർഡിനായി പരിഗണിക്കുന്നതല്ല. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഡയറക്ടർ, മൃഗസംരക്ഷ വകുപ്പ് ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ 2019 ഒക്ടോബർ 31 ന് വൈകിട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കണം. കവറിനു മുകളിലായി മികച്ച ജന്തുക്ഷേമ സംഘടന/വ്യക്തിക്കുള്ള അവാർഡിനുള്ള അപേക്ഷ എന്ന് എഴുതിയിരിക്കണം.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**